# പ്രസിദ്ധീകരണത്തിന്

## പ്രൊഫ.റൈഡർ കെ ലൈ കണ്ണൂർ സർവകലാശാലയിൽ "ഏറുഡൈറ്റ് പ്രഭാഷണം" നടത്തി

കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ “ഏറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ്” പ്രോഗ്രാമിന്റെ ഭാഗമായി യൂണിവേഴ്സിറ്റി ഓഫ് ബെർഗൻനിലെ (നോർവേ) **പ്രൊഫസർ റൈഡർ കെ ലൈ** കണ്ണൂർ സർവകലാശാലയിൽ പ്രഭാഷണം നടത്തി. ജീവശാസ്ത്ര വിഷയങ്ങളിലെ ഗവേഷണങ്ങളിലും കണ്ടുപിടുത്തങ്ങളിലും ജൈവ ധാർമികതയുടെ (Bio ethics) പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം പ്രഭാഷണത്തിൽ ഊന്നി പറയുകയുണ്ടായി. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിലെ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോക്കോൾ (ICREP) കണ്ണൂർ സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ (IQAC) സഹകരണത്തോടെ ഒക്ടോബർ 22ന് ഓൺലൈനായി നടന്ന പരിപാടിയിൽ സർവകലാശാലയിലെയും വിവിധ കോളേജുകളിലെയും അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. സർവകലാശാല പ്രോ-വൈസ് ചാൻസലറും IQAC ഡയറക്ടറുമായ പ്രൊഫ.സാബു എ, അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ ICREP പ്രിൻസിപ്പൽ കോർഡിനേറ്റർ ഡോ.വാണി കേസരി സ്വാഗതവും കണ്ണൂർ സർവകലാശാല മോളിക്യൂലർ ബയോളജി വകുപ്പ് മേധാവി ഡോ.സൂരജ് എം ബഷീർ നന്ദിയും പറഞ്ഞു.

## മൂന്നാം വർഷ ബിരുദം- ടൂഷൻ ഫീസ്

വിദൂര വിദ്യാഭാസ വിഭാഗം മൂന്നാം വർഷ ബിരുദ വിദ്യാർഥികളിൽനിന്നും ട്യൂഷൻ ഫീസ് പിഴയില്ലാതെ 15 -12 -2021 വരെയും 335 രൂപ പിഴയോടുകൂടി 15-01-2022 വരെയും സ്വീകരിക്കുന്നതാണ്. ബി.എ/ ബി.കോം.വിഷയങ്ങൾക്ക് 1325 രൂപയും ബി.ബി.എ ക്ക് 5215 രൂപയുമാണ് ഫീസ്.

## ടൈംടേബിൾ

**28.10.2021, 02.11.2021, 10.11.2021** തീയതികളിൽ യഥാക്രമം ആരംഭിക്കുന്ന സർവകലാശാല പഠനവകുപ്പുകളിലെ **ഒന്നാം** സെമസ്റ്റർ **എം. എ. ട്രൈബൽ & റൂറൽ സ്റ്റഡീസ്, എം. എഡ്., എം. എസ് സി. പ്ലാന്റ് സയൻസ്** (റെഗുലർ), നവംബർ 2020 പരീക്ഷകളുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

## വിദൂര വിദ്യാഭ്യാസ പരീക്ഷാ തീയതികൾ

**18.10.2021, 20.10.2021, 22.10.2021** തീയതികളിൾ നടത്താൻ നിശ്ചയിച്ചിരുന്ന **രണ്ടാം വർഷ വിദൂര വിദ്യാഭ്യാസ ബിരുദ** (ഏപ്രിൽ 2021)

പരീക്ഷകൾ യഥാക്രമം **25.10.2021, 27.10.2021, 29.10.2021** തീയതികളിൽ നടക്കുന്ന രീതിയിൽ പുനഃക്രമീകരിച്ചു. 26.10.2021 മുതലുള്ള മറ്റു പരീക്ഷകൾ മുൻനിശ്ചയിച്ച ടൈംടേബിൾ പ്രകാരം നടക്കും.

**വാചാ പരീക്ഷ**

**നാലാം** സെമസ്റ്റർ **എം. എഡ്.** (സി. സി. എസ്. എസ് - റഗുലർ /സപ്ലിമെന്ററി), മെയ് 2021 വാചാ പരീക്ഷകൾ പഠന വകുപ്പിൽ വച്ച് **28.10.2021** ന് നടത്തുന്നതാണ്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷ കേന്ദ്രവുമായി ബന്ധപ്പെടുക.